# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5884   04.07.2019 ൽ മറുപടിക്ക്**

**മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| പൊതുമരാമത്ത് വകുപ്പിന്റെ മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് ആരംഭിച്ച് റോഡിലുണ്ടാകുന്ന കുഴികൾ കാലതാമസം കൂടാതെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിനു കീഴിൽ റോഡിലുണ്ടാകുന്ന കുഴികൾ കാലതാമസം കൂടാതെ അറ്റകുറ്റപ്പണി ചെയ്യുന്നതിനായി Pot hole filling machine വാങ്ങുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പരിപാലനം 15 വർഷത്തേക്ക് പദ്ധതി കൺസഷണറിൽ നിക്ഷിപ്തമാണ്. ആയതിനാൽ റോഡുകളിൽ രൂപപ്പെടുന്ന കുഴികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി കൺസഷണർ ചെയ്തു പോരുന്നു.<br>കെ.എസ്.റ്റി.പി പ്രവൃത്തികളിൽ നിലവിൽ മൊബൈൽ റോഡ് റിപ്പയർ എന്ന സംരംഭം ഉദ്ദേശിച്ചിട്ടില്ല. കെ.എസ്.റ്റി.പി പദ്ധതിയിൽ ഡിഫക്ട് ലയബിലിറ്റി പീരീഡിനുള്ളിൽ വരുന്ന അറ്റകുറ്റപ്പണികൾ അതാത് കോൺട്രാക്ടർമാർ പരിഹരിക്കുന്നതാണ്. 5 വർഷ മെയിന്റനൻസ് കരാറുള്ള പ്രവൃത്തികളിൽ റോഡിന്റെ മെയിന്റനൻസ് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ